LIBRARY ARCHIVES Kerala Legislative Assembly

ഇടുക്കി ജില്ലയിലെ പഠന വൈകല്യമുള്ള കുട്ടികൾ

59 (1095) ശ്രീ. കെ. കെ. ജയചന്ദ്രൻ താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ വിവിധ സ്കൂളുകളിൽ പഠിക്കുന്ന പഠന വൈകല്യമുള്ള കുട്ടികൾക്ക് എസ്.എസ്.എൽ.സി. പരീക്ഷയിൽ സഹായിയെ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ വിദ്യാഭ്യാസ വകുപ്പ് നിരസിക്കുകയുണ്ടായോ ; എത്ര കുട്ടികളുടെ അപേക്ഷയാണ് നിരസിച്ചത് ;

(ബി) പഠന വൈകല്യം, മനോവൈകല്യം എന്നിവയുള്ള വിദ്യാർത്ഥികൾക്ക് പരീക്ഷാ ഹാളിൽ സഹായിയെ അനുവദിക്കാം എന്ന വ്യവസ്ഥ പ്രകാരം അനുമതി തേടിയ അപേക്ഷകൾ നിരസിക്കാനിടയായ സാഹചര്യം വിശദീകരിക്കാമോ ;

(സി) ഓരോ ജില്ലകളിലും സമാന കാരണം ചൂണ്ടിക്കാട്ടി എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ട് എന്നത് ജില്ല തിരിച്ച് കണക്ക് നൽകാമോ ;

(ഡി) പ്രസ്തുത കുട്ടികൾക്ക് അർഹതപ്പെട്ട സഹായത്തോടെ പരീക്ഷ എഴുതുന്നതിനായി നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഇടുക്കി ജില്ലയിൽനിന്നും പഠന വൈകല്യമുള്ള കുട്ടികൾക്ക് എസ്.എസ്.എൽ.സി. പരീക്ഷയിൽ സഹായിയെ ആവശ്യപ്പെട്ട് ലഭിച്ച അപേക്ഷകൾ ഒന്നുംതന്നെ നിരസിച്ചിട്ടില്ല.

(സി&ഡി) അപേക്ഷയോടൊപ്പം നോട്ടിഫിക്കേഷൻ പ്രകാരമുള്ള ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കാത്തതു കാരണം യഥാക്രമം ആലപ്പുഴ I, തൃശ്ശൂർ II, എറണാകുളം I എന്നീ ക്രമത്തിൽ 4 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്.

അദ്ധ്യാപക പാക്കേജും അദ്ധ്യാപക ബാങ്കും

60 (1096) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അദ്ധ്യാപക പാക്കേജും അദ്ധ്യാപക ബാങ്കും നടപ്പിലാക്കിക്കൊണ്ട് ഉത്തരവായിട്ടുണ്ടോ ;